## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *566 — 27.07.2015-ൽ മറുപടിയ്ക്ക്

## റബ്ബറൈസ്ഡ് ടാറിങ് നടത്തുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>,, റ്റി.യു.കുരുവിള<br>,, സി.എഫ്.തോമസ്<br>,, തോമസ് ഉണ്ണിയാടൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള പ്രധാന റോഡുകൾ റബ്ബറൈസ്ഡ് ടാറിങ് നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;<br><br>(ബി) ആയതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ ലളിതമാക്കി വേഗത്തിൽ ജോലികൾ ചെയ്യുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുമോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | **(എ)&(ബി):**<br>ഇപ്പോൾ തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള പ്രധാന റോഡുകളും, ഈ വകുപ്പിന്റെ കീഴിൽ വരുന്ന പ്രധാനപ്പെട്ട എല്ലാ റോഡുകളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബി.എം.& ബി.സി. രീതിയിൽ ഉപരിതലം പുതുക്കി വരുന്നുണ്ട്. ചിപ്പിംഗ് കാർപ്പറ്റ് രീതിയിൽ വർഷങ്ങളായി ചെയ്തിരുന്ന റോഡുകൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഹൈവേ റോഡുകളും ജില്ലാതല റോഡുകളും പ്രധാനപ്പെട്ട മറ്റ് റോഡുകളും ബി.എം.&ബി.സി. ചെയ്ത് പൂർത്തീകരിച്ചു വരുന്നു. ഇതിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള റോഡുകളും ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് പ്രവൃത്തി ചെയ്തുവരുന്നു. NRMB(Natural Rubber Modified Bitumen) ബിറ്റുമെൻ ഉപയോഗിച്ച് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിലും, ദേശീയപാതയിലും റോഡ് പണികൾ ചെയ്തു വരുന്നു.<br>ദേശീയപാതാ വിഭാഗത്തിൻ കീഴിൽ വരുന്ന റോഡ് ടാറിംഗ് പ്രവൃത്തികളെല്ലാം ഐ.ആർ. സി.ഗൈഡ്‌ലൈൻസും, മോർത്ത് സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടത്തുന്നത്. ദേശീയപാതകളുടെ ടാറിംഗ് പ്രവൃത്തികളിലും, കേന്ദ്ര സർക്കാരിന്റെ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന സംസ്ഥാന ജില്ലാ റോഡുകളുടെ ടാറിംഗ് പ്രവൃത്തികളിലും വെയറിംഗ് സർഫസിംഗ് കോഴ്സായ ബിറ്റുമിനസ് കോൺക്രീറ്റ് ലെയറിന്റെ നിർമ്മാണം നടത്തുന്നത് റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ ഉപയോഗിച്ചുള്ള റബ്ബറൈസ്ഡ് ടാറിംഗ് മുഖേനയാണ്. |

സെക്ഷൻ ഓഫീസർ